# കേരള സർക്കാർ

## സംഗ്രഹം

കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - നിയമസഭാ മാധ്യമ അവാർഡ് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ : 452/2017/നി.സെ തിരുവനന്തപുരം, 28.02.2017.

=================================================================

പരാമർശം : 1) 05.12.2015-ലെ സ.ഉ. (സാധാ) നം. 1540/2015/നി.സെ

## <u>ഉത്തരവ്</u>

സംസ്ഥാനത്തിന്റെ ഭരണസംവിധാനം ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്കും മൂല്യങ്ങൾക്കും അധിഷ്ഠിതമായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കുന്നതിൽ കേരള നിയമസഭ എക്കാലവും ശ്രദ്ധ പുലർത്തിയിട്ടുണ്ട്. നിയമസഭയുടെയും സർക്കാരിന്റെയും പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വസ്തുനിഷ്ഠമായി ജനങ്ങളിലെത്തിക്കുക എന്ന പരമപ്രധാനമായ ഉത്തരവാദിത്വം മാധ്യമങ്ങളാണ് നിർവ്വഹിക്കുന്നത്. ഭരണഘടനാ മൂല്യങ്ങൾക്ക് അധിഷ്ഠിതമായി ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുന്നകാര്യത്തിലും എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾക്കുമേൽ ആവശ്യമായ മേൽനോട്ടം നടത്തുകയും നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിലും നിയമസഭയ്ക്ക് മാധ്യമങ്ങൾ ശക്തമായ പിന്തുണയാണ് നൽകുന്നത്.

2. ജനാധിപത്യ വ്യവസ്ഥിതി നിലനിർത്തുന്നതിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്വവും പ്രാധാന്യവും കണക്കിലെടുത്തും വാർത്തകൾ വസ്തുതാപരമായും ശരിയായ ദിശാബോധത്തോടെയും സമൂഹത്തിൽ എത്തിക്കുക എന്ന മാധ്യമധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മാധ്യമങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾക്ക് കരുത്തേകുന്നതിനും മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും പരിപോഷണത്തിന് മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അംഗീകരിച്ചും മാധ്യമസൃഷ്ടികൾ വിലയിരുത്തിയും അച്ചടി–ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള സംഭാവനകളെ മൂന്ന് വ്യത്യസ്ത വിഭാഗങ്ങളായിതിരിച്ച് ഓരോ വിഭാഗത്തിനും രണ്ട് അവാർഡുകൾ വീതം ആകെ ആറ് അവാർഡുകൾ ഏർപ്പെടുത്തുവാൻ ബഹു. കേരള നിയമസഭാ സ്പീക്കർ തീരുമാനിച്ചിരിക്കുന്നു.

3. നിയമസഭാ നടപടികളുടെ ഏറ്റവും മികച്ച റിപ്പോർട്ടിംഗിന് ജി. കാർത്തികേയൻ മാധ്യമ അവാർഡ് എന്ന പേരിൽ ഒരു മാധ്യമ അവാർഡ് പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിരുന്നു. അതിൻപ്രകാരമുള്ള മാധ്യമ അവാർഡുകൾ 2015 വർഷത്തിൽ നൽകുകയും ചെയ്തിരുന്നു. മാധ്യമ രംഗത്തെ മറ്റു മേഖലകളെക്കൂടി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രസ്തുത മാധ്യമ അവാർഡ് സ്കീം പരിഷ്കരിക്കുന്നതിനും പുതിയ ഒരു മാധ്യമ അവാർഡ് സ്കീം പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2017 വർഷം മുതൽ താഴെപറയുന്ന തരത്തിലുള്ള മാധ്യമ അവാർഡുകൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

എ) മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്ന മാധ്യമ സൃഷ്ടിക്ക് ആർ. ശങ്കരനാരായണൻ തമ്പി മാധ്യമ അവാർഡ് ;

ബി) പൊതു സമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ പ്രവർത്തനത്തിന് ഇ.കെ. നായനാർ മാധ്യമ അവാർഡ് ;

സി) നിയമസഭാ നടപടികളുടെ ഏറ്റവും മികച്ച റിപ്പോർട്ടിംഗിന് ജി. കാർത്തികേയൻ മാധ്യമ അവാർഡ്.

മേൽപ്പറഞ്ഞ മൂന്ന് മേഖലകളിലും ദൃശ്യ-അച്ചടി മാധ്യമ വിഭാഗങ്ങൾക്ക് വെവ്വേറെ അവാർഡുകൾ ഉണ്ടായിരിക്കുന്നതാണ്. ഓരോ അവാർഡും അൻപതിനായിരം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതായിരിക്കുന്നതാണ്.

4. നിയമസഭാ മാധ്യമ അവാർഡിന് വേണ്ടിവരുന്ന ചെലവുകൾ “2011-02-101-99-05.4- Kerala Legislative Assembly – Office Expenses – Other Items (NPV)” എന്ന ബജറ്റ് ശീർഷകത്തിൽനിന്നോ അതതു സന്ദർഭങ്ങളിൽ ബഹു. സ്പീക്കർ ഉത്തരവാകുന്നതിനനുസരിച്ച് നിയമസഭയുടെ മറ്റേതെങ്കിലും ശീർഷകത്തിൽനിന്നോ വഹിക്കുന്നതാണ്.

5.മാധ്യമ അവാർഡിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അടങ്ങുന്ന 'നിയമസഭാ മാധ്യമ അവാർഡ് സ്കീം 2017' ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.

പകർപ്പ് : - 1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA), കേരളം, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (E&RSA), കേരളം, തിരുവനന്തപുരം.
3) ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
4) ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
5) സെക്രട്ടറിയുടെ പി. എ
6) ജോയിന്റ് സെക്രട്ടറിയുടെ സി. എ
7) സബ് ട്രഷറി ഓഫീസർ, നിയമസഭാ സമുച്ചയം, തിരുവനന്തപുരം
8) ഫിനാൻസ് ഓഫീസർ
9) ഐ.ടി. വിഭാഗം
10) ഫയൽ പകർപ്പ് (3893/സി.പി.എസ്.ടിഎ 3/2016/നി.സെ)
11) സ്റ്റോക്ക് ഫയൽ